## കേരള സർക്കാർ

### സംഗ്രഹം

മത്സ്യബന്ധന വകുപ്പ്- ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിൽ സിംഗിൾ സ്റ്റോറെയ്ഡ് ഫിഷ് പ്രോസസ്സിംഗ് സെന്റർ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

മത്സ്യബന്ധന തുറമുഖ (സി) വകുപ്പ്

**G.O.(Rt)488/2025/F&P** **Dated,08/07/2025**

എ.എസ് നമ്പർ : AS/FSH/25/43761 കാലാവധി : 07/07/2028

പരാമർശം:- ഫിഷറീസ് ഡയറക്ടറുടെ 16/10/2024, 09/05/2025, 05/06/2025 എന്നീ തീയതികളിലെ ഡി.ഫ്.ടി.വി.എം /1689/2024-കെ 3 നമ്പർ കത്ത്.

### ഉത്തരവ്

ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂർ മുനിസിപ്പാലിറ്റി വാർഡ് നമ്പർ 24, ബഥേൽ ജംഗ്ഷൻ ശാസ്തമംഗലം മാർക്കറ്റിലെ സർക്കാർ വക കോൾഡ് സ്റ്റോറേജ് നിലവിൽ ജീർണ്ണാവസ്ഥയിലായതിനാൽ ഉപയോഗിക്കാൻ കഴിയാത്ത സ്ഥിതിയിലാണ്. ഈ സ്ഥലത്ത് ഫിഷ് പ്രോസസിംഗ് സെന്റർ, റസ്റ്റോറന്റ്, കോൺഫറൻസ് ഹാൾ, പാർക്കിംഗ് തുടങ്ങിയ ആധുനിക സൗകര്യങ്ങളോടുകൂടിയ ബഹുനില മത്സ്യമാർക്കറ്റ് നിർമ്മിക്കുന്നതിന് കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ പ്രതിനിധികളുമായി ബഹുമാനപ്പെട്ട ഫിഷറീസ് വകുപ്പ് മന്ത്രി നടത്തിയ യോഗത്തിൽ കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, പ്രസ്തുത സ്ഥലത്ത് ഒരു സിംഗിൾ സ്റ്റോറേയ്ഡ് ഫിഷ് പ്രോസസിംഗ് സെന്റർ സ്ഥാപിക്കുന്നതിനായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ തയ്യാറാക്കിയ 200 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി ഫിഷറീസ് ഡയറക്ടർ പരാമർശ പ്രകാരം സമർപ്പിക്കുകയുണ്ടായി.

## Head Of Account

| ക്രമ നമ്പർ | റവന്യൂ ശീർഷകം | തുക (രൂപയിൽ ) | എ.എസ് നമ്പർ | കാലാവധി |
|---|---|---|---|---|
| 1 | 2405-00-105-86-00-34-3-P-V | 2,00,00,000 | AS/FSH/25/43761 | 2028-07-07 |

### പ്രവർത്തിയുടെ പേര്/ നിർദേശങ്ങൾ

AS/FSH/25/43761

| ക്രമ നമ്പർ | പ്രവർത്തികൾ | തുക (രൂപയിൽ ) |
|---|---|---|
| 1 | ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിൽ സിംഗിൾ സ്റ്റോറെയ്ഡ് ഫിഷ് പ്രോസസ്സിംഗ് സെന്റർ സ്ഥാപിക്കുന്നത് | 2,00,00,000 |
| ആകെ (രണ്ട് കോടി രൂപ) | | **2,00,00,000** |

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിൽ സിംഗിൾ സ്റ്റോറെയ്ഡ് ഫിഷ് പ്രോസസ്സിംഗ് സെന്റർ സ്ഥാപിക്കുന്നതിനായി 2405-00-105-86 ശീർഷകത്തിൽ നിന്നും 200 ലക്ഷം (രണ്ട് കോടി രൂപ) രൂപയുടെ ഭരണാനുമതി നൽകി ഉത്തരവാകുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം ,

ജോയിന്റ് സെക്രട്ടറി

Fisheries

To

ഫിഷറീസ് ഡയറക്ടർ , തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ & ഇ) കേരളം, തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനു വേണ്ടി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.സി2/419/2024/മത്സ്യ)

ഓർഡർ പ്രകാരം കൈമാറി,

സമീർ കുമാർ ഒ.ജെ

Digitally signed by Sameer Kumar. O. J
Date:08-07-2025 15:53:53

AS/FSH/25/43761